# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **1460**

14/06/2013 - ലെ മറുപടിയ്ക്ക്

## വരൾച്ചമൂലമുള്ള കൃഷിനാശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഇക്കഴിഞ്ഞ വേനൽക്കാലത്ത് ജല ലഭ്യതക്കുറവും വരൾച്ചയും കാരണം സംസ്ഥാനത്ത് എത്ര ഹെക്ടർ നെൽകൃഷി നശിച്ചു; അതു കാരണം നെൽക്കർഷകർക്ക് എത്ര രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കി ; പ്രസ്തുത നഷ്ടം സംഭവിച്ച നെൽക്കർഷകർക്ക് എത്ര രൂപയുടെ നഷ്ടപരിഹാരം നൽകി; വിശദാംശം ലഭ്യമാക്കാമോ; | (എ) ഇക്കഴിഞ്ഞ വേനൽക്കാലത്ത് ജലലഭ്യത കുറവും വരൾച്ചയും കാരണം സംസ്ഥാനത്ത് 16338.3 ഹെക്ടറിൽ നെൽകൃഷി നശിച്ചു. അതുകാരണം നെൽകർഷകർക്ക് 65.35 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) നാണ്യവിളകളായ നാളികേരം , അടയ്ക്ക, കുരുമുളക് മുതലായവയുടെ നഷ്ടം കഴിഞ്ഞ വരൾച്ചാക്കാലത്ത് എത്രയായിരുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) ഉണ്ട്. നാണ്യവിളകളായ നാളികേരം, അടയ്ക്ക, കുരുമുളക് മുതലായവയ്ക്ക് കഴിഞ്ഞ വരൾച്ചമൂലം 509.8 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുള്ളതായി കണക്കാക്കുന്നു. |
| (സി) കഴിഞ്ഞ വരൾച്ചാക്കാലത്തെ രണ്ടാം വിളയ്ക്ക് വെള്ളം ലഭ്യമാകാത്തതിനാൽ പാലക്കാട് ജില്ലയിൽ എത്ര ഹെക്ടർ നെൽകൃഷി നശിച്ചു : എത്ര രൂപയുടെ നഷ്ടം ഉണ്ടായി ; പ്രസ്തുത നഷ്ടം നികത്തുന്നതിനായി എന്തെല്ലാം സമാശ്വാസ പാക്കേജുകൾ നടപ്പിലാക്കി; വിശദാംശം നൽകുമോ?; | (സി) കഴിഞ്ഞ വരൾച്ചക്കാലത്ത് രണ്ടാം വിളയ്ക്ക് വെള്ളം ലഭ്യമാകാത്തതിനാൽ പാലക്കാട് ജില്ലയിൽ 6300.2434 ഹെക്ടർ നെൽകൃഷി നശിച്ചു. 25,20,09,736 (25.20 കോടി) രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. കൃഷിനാശത്തിന് നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ